പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 939 — 14.06.2012-ൽ മറുപടിയ്ക്ക്

മലയാള - ഭാഷാ പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ നടത്തിപ്പ് എത്രമാത്രം കാര്യക്ഷമമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (ബി) മലയാള ഭാഷാ പഠനം എല്ലാ സ്ക്കുളുകളിലും നിർബന്ധമായി നടപ്പാക്കണമെന്ന നിർദ്ദേശം സ്ക്കൂളുകളിൽ നടപ്പാക്കുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനായി 10.05.2012 -ൽ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ചിരുന്നു. അതിന്റെ -യടിസ്ഥാനത്തിൽ സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങൾ, സി.ബി.എസ്.ഇ , ഐ.സി.എസ്.ഇ സ്ക്കൂളുകളിൽ കൂടി മലയാള ഭാഷാപഠനം നിർബന്ധമാക്കുന്നതിന്റെ ഭാഗമായി ഇത്തരം സ്ക്കൂൾ പ്രിൻസിപ്പൽമാരുടെ ഒരു വീഡിയോ കോൺഫറൻസ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

(.................2)

കൂടാതെ അദ്ധ്യാപക പരിശീലനം, പാഠപുസ്തക വിതരണം എന്നിവ സംബന്ധിച്ച് ചർച്ചകൾ നടത്തുന്നതിനും ടി പ്രിൻസിപ്പൽ മാരുടെ യോഗം വിളിച്ചുകൂട്ടുന്ന - തിനും വിദ്യാഭ്യാസ ഉപഡയറക്ടർ - മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സി.ബി.എസ്.ഇ , ഐ.സി.എസ്.ഇ സ്ക്കൂളുകളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കുന്നതിന്റെ ഭാഗമായി ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തകം ഇതിനകം തന്നെ തയ്യാറാക്കിയിട്ടുണ്ട്.

(സി) ഉത്തരവ് നടപ്പാക്കാത്ത വിദ്യാലയങ്ങളുടെ മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉത്തരവ് നടപ്പാക്കാത്ത വിദ്യാലയങ്ങളെ സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം പഠിപ്പിക്കു- ന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ ;

(ഡി) മലയാളം നിർബന്ധ ഭാഷ യാക്കുന്നതിനായുള്ള ഉത്തരവ് കേന്ദ്രീയ വിദ്യാലയങ്ങളിലും ഊർജ്ജി- തമായിനടപ്പാക്കുന്നതിന് ഇത്തരം സ്ക്കൂളുകളിലെ പ്രധാന അദ്ധ്യാപകരുടെ പ്രത്യേകയോഗങ്ങൾ അതാത് ജില്ലാ കളക്ടർമാർ വിളിച്ചു ചേർത്ത് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) പ്രസ്തുത സർക്കാർ ഉത്തരവ് സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയ - ങ്ങൾക്കും ബാധകമാണോ ?

(ഇ) ബാധകമാണ്.

സെക്ഷൻ ഓഫീസർ